പോലീസ് മർദ്ദനം.

216. MR. T. A. MOIDEEN KUNJU : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കമ്മൂണിസ്റ്റുപാർട്ടി നിയമവിരുദ്ധസംഘടനയായാണോ?

HON'BLE MR. T. K. NARAYANA PILLAI : അല്ല.

വെയർഹൗസ് ആക്ട് പ്രവർത്തനം.

217. MR. P. NANOO : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) വെയർഹൗസ് ആക്ടിന്റെ ഇപ്പോഴുള്ള പ്രവർത്തനം പ്രയോജനകരമല്ലെന്നും പ്രയോജനകരമാക്കുന്നതിനു ആവശ്യമുള്ള നടപടികൾ കൈക്കൊള്ളണമെന്നും മറ്റും ഗവണ്മെന്റിലേക്കു ടോവൻക്രർ കയർ ഡീലേഴ്സ് അസോസിയേഷനിൽനിന്നും നിവേദനം കിട്ടിയിട്ടുണ്ടോ?

(ബി) നിവേദനം കിട്ടിയിട്ടുള്ള പക്ഷം എന്തു നടപടിയാണു ഗവണ്മെന്റിൽനിന്നും കൈക്കൊണ്ടിട്ടുള്ളതു?

HON'BLE MR. T. K. NARAYANA PILLAI : (എ) ഉണ്ടു.

(ബി) വെയർഹൗസ് ആക്റ്റിന്റെ പ്രവർത്തനം കാര്യക്ഷമമായി എത്രയും വേഗം നടപ്പിൽ വരുത്തുന്നതിനു വേണ്ട മാർഗ്ഗങ്ങൾ ഗവണ്മെന്റിൽനിന്നും ആരാഞ്ഞുകൊണ്ടിരിക്കയാണു.

മെഴുവേലി വില്ലേജ്യൂണിയന്റെ ആവശ്യങ്ങൾ.

218. MR. U. K. VASUDEVAN ASARI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മെഴുവേലി വില്ലേജ്യൂണിയന്റെ നേതൃത്വത്തിൽ ഒരു ആലോപ്പതി ആശുപത്രി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഇതിനകം എന്തു നടപടി നടത്തിയിട്ടുണ്ടു?

HON'BLE DR. E. K. MADHAVAN : (എ) ഉണ്ടു.

(ബി) ആ സ്ഥലത്തു ഒരു ഡിസ്പെൻസറി ആവശ്യമുണ്ടോ എന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണു.

Income-tax Officer.

219. MR. D. GNANASIGAMONI: Will the Hon'ble Minister for Income Tax be pleased to state:

(*a*) whether Mr. J. Samuel is the seniormost first grade Income Tax Officer in the Income Tax Department;

LIBRARY ARCHIVES Kerala Legislative Assembly